**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 236** **25-06-2024 - ൽ മറുപടിയ്ക്ക്**

**ക്ഷേത്രങ്ങളിലേയ്ക്കുള്ള ആനകളുടെ സംസ്ഥാനാന്തര കൈമാറ്റ സാദ്ധ്യതകളും പരിപാലനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വാഴൂർ സോമൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ വി ശശി** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും<br>ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ക്ഷേത്രാചാരങ്ങൾക്കു വേണ്ടി ഉപയോഗിക്കുന്ന ആനകളിൽ വലിയൊരു ശതമാനം പ്രായാധിക്യം മൂലം അവശതകൾ അനുഭവിക്കുന്ന വിഭാഗത്തിൽപ്പെടുന്നവയാണെന്ന കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. ഗുരുവായൂർ ദേവസ്വത്തിന്റെ ഉടമസ്ഥതയിൽ പുന്നത്തൂർ കോട്ടയിൽ സംരക്ഷിച്ച് വരുന്ന ആനകളിൽ വലിയൊരു ശതമാനവും പ്രായാധിക്യം മൂലം അവശതകൾ അനുഭവിക്കുന്നവയാണ്. മറ്റ് ദേവസ്വം ബോർഡുകളുടെ ഉടമസ്ഥതയിലുള്ള ആനകൾക്ക് പ്രായാധിക്യം മൂലം അവശതകൾ നേരിടുന്ന സാഹചര്യം നിലവിലില്ല. ക്ഷേത്രോത്സവങ്ങളുടെ ഭാഗമായി സ്വകാര്യ ഉടമസ്ഥതയിലുള്ള ആനകളെയുൾപ്പെടെ ക്ഷേത്രങ്ങളിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. അപ്രകാരം ഉപയോഗപ്പെടുത്തുന്ന ആനകൾക്ക് പരമാവധി വിശ്രമം അനുവദിക്കുന്നതിനും ചികിത്സ, ഭക്ഷണം, വെള്ളം എന്നിവ ഉറപ്പ് വരുത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് വനാന്തരങ്ങളിൽ നിന്നുള്ള ആന പിടിത്തം നിരോധിച്ചിട്ടുള്ള സാഹചര്യത്തിൽ പല ക്ഷേത്രങ്ങളും സംസ്ഥാനാന്തര കൈമാറ്റം വഴി ആനകളെ സ്വന്തമാക്കുന്നതിന് ശ്രമിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. വന്യജീവി സംരക്ഷണ നിയമത്തിൽ കേന്ദ്ര സർക്കാർ ഭേദഗതി കൊണ്ടുവന്നതോടെ സംസ്ഥാനാന്തര ആന കൈമാറ്റത്തിനുണ്ടായ സാധ്യതകൾ പ്രയോജനപ്പെടുത്തി ആനകളെ സ്വന്തമാക്കുന്നതിന് സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾ നിലവിൽ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. |
| (സി) | വന്യജീവി സംരക്ഷണ നിയമത്തിൽ കേന്ദ്ര സർക്കാർ ഭേദഗതി കൊണ്ടുവന്നതോടെ സംസ്ഥാനാന്തര ആന കൈമാറ്റത്തിനുള്ള സാധ്യതകൾ ഈ ആവശ്യത്തിലേക്ക് പ്രയോജനപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഇല്ല. വന്യജീവി സംരക്ഷണ നിയമത്തിൽ കേന്ദ്ര സർക്കാർ ഭേദഗതി കൊണ്ടുവന്നതോടെ സംസ്ഥാനാന്തര ആന കൈമാറ്റത്തിനുണ്ടായ സാധ്യതകൾ പ്രയോജനപ്പെടുത്തി ആനകളെ സ്വന്തമാക്കുന്നതിന് സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾ നിലവിൽ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. |
| (ഡി) | ക്ഷേത്രങ്ങളിൽ ആനയെ നടയ്ക്കിരുത്തുന്നതിനും അവയെ പരിപാലിക്കുന്നതിനും പ്രത്യേക | (ഡി) | ക്ഷേത്രങ്ങളിൽ ആനയെ നടയ്ക്കിരുത്തുന്നതിനും അവയെ പരിപാലിക്കുന്നതിനും പ്രത്യേക |

| | | | |
|---|---|---|---|
| | നിബന്ധനകൾ ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ? | | നിബന്ധനകൾ ഏർപ്പെടുത്തുന്നതിന് നിലവിൽ ദേവസ്വം ബോർഡുകൾ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ